# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബി.എ.ന്യൂമീഡിയ ജേർണലിസം കോഴ്സിന്റെ സ്കീമും സിലബസും അംഗീകരിക്കുകയും ബി.എ. ജേർണലിസം (ന്യൂമീഡിയ) എന്ന് പുനർനാമകരണം ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

അക്കാദമിക് എ IX വിഭാഗം

സ.ഉ.നം.6059/Ac A IX/New Media Journalism/2017 തീയതി, പി ഡി ഹിൽസ്, 12.10.2017

---

സൂചന:- (1) മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം വിദഗ്ധ സമിതി കൺവീനർ സമർപ്പിച്ച B.A New media Journalism കോഴ്സിന്റെ സ്കീമും സിലബസും.

(2) 24.03.2017 ലെ മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം വിദഗ്ദ്ധ സമിതി കൺവീനറുടെ കത്ത്

(3) ബഹു.വൈസ് ചാൻസിലറുടെ 24.04.2017-ലെ ഉത്തരവ്.

(4) 14.08.2017 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനം (മിനിറ്റ്സ് ഇനം നമ്പർ 25/Ac.17/17207

(5) 25.09.2017 ലെ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗനടപടി ഇനം നം. 04.

## ഉത്തരവ്

മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം വിദഗ്ദ സമിതി കൺവീനർ പ്രൊഫ. മാടവന ബാലകൃഷ്ണപിളള, ബി.എ.ന്യൂമീഡിയ ജേർണലിസം എന്ന പുതിയ കോഴ്സിന്റെ സ്കീമും സിലബസും അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു (സൂചന 1). എന്നാൽ പ്രസ്തുത കോഴ്സിന്റെ പേര് യു.ജി.സി മാനദണ്ഡങ്ങൾക്കനുസരിച്ചല്ല എന്നതിനാൽ, യു.ജി.സി. നിബന്ധനകൾ പ്രകാരം പരിഷ്കരിച്ച് പുന:സമർപ്പിക്കുവാൻ സർവ്വകലാശാല ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത കോഴ്സിന്റെ പേര് ബി.എ.ജേർണലിസം അല്ലെങ്കിൽ ബി.എ.ജേർണലിസം (ന്യൂമീഡിയ) എന്നാക്കി മാറ്റിക്കൊണ്ട് സിലബസ് അംഗീകരിക്കുവാൻ കൺവീനർ ശുപാർശ ചെയ്തു (സൂചന 2).

മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം വിദഗ്ധ സമിതി കൺവീനർ സമർപ്പിച്ച ബി.എ. ന്യൂമീഡിയ ജേർണലിസം എന്ന കോഴ്സിന്റെ സ്കീമും സിലബസും, പ്രസ്തുത കോഴ്സിന്റെ പേര് ബി.എ.ജേർണലിസം എന്നോ, ബി.എ. ജേർണലിസം (ന്യൂമീഡിയ) എന്നോ മാറ്റാമെന്നുള്ള ശിപാർശയും ബഹു.വൈസ് ചാൻസലറുടെ 24.04.2017 ലെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു(സൂചന 3).

14.08.2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുവാൻ തീരുമാനിച്ചു (സൂചന 4). സൂചന (5) പ്രകാരം 25.09.2017 ൽ ചേർന്ന് അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ബി.എ. ന്യൂമീഡിയ ജേർണലിസം കോഴ്സിന്റെ സ്കീമും സില ബസും അംഗീകരിക്കുന്നതിനും കോഴ്സിന്റെ പേര് ബി.എ. ജേർണലിസം (ന്യൂമീഡിയ) എന്നാക്കി മാറ്റുന്നതിനും ശുപാർശ ചെയ്തു.

പ്രസ്തുത ശിപാർശ ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3, വകുപ്പ് 10(17) നൽകുന്ന പ്രത്യേക അധികാര പ്രകാരം 04.10.2017 ൽ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ്കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. വി.സി യുടെ പി എസ്
2. പി.വി.സി യുടെ പി എസ്
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി എമാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്)
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാവിഭാഗം)
6. CBCSS സെക്ഷൻ
7. എസി.സി സെക്ഷൻ
8. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, CETEX, സിസ്റ്റം മാനേജർ
9. കണ്ടന്റ്മാനേജ്മെന്റ്/ഐ.ക്യു.എ.സി
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ. Ac.AIX/1/New Media Journalism /217-2017